**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3595** | **05-08-2021 - ൽ മറുപടിയ്ക്ക്**

**ചകിരിയുടെ ലഭ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിൽ കയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ചെറുകിട കയർ ഫാക്ടറികളിലും, സൊസൈറ്റികളിലും അസംസ്കൃത വസ്തുവായ ചകിരി ലഭ്യമാക്കുന്നതിന് നിലവിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | ആലപ്പുഴ ജില്ലയിൽ കയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ചെറുകിട കയർ ഫാക്ടറികളിലും, സൊസൈറ്റികളിലും അസംസ്കൃത വസ്തുവായ ചകിരി ലഭ്യമാക്കുന്നതിന് കയർ സഹകരണ സംഘങ്ങളുടെ അപെക്സ് ബോഡിയായ കയർഫെഡിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. ആയത്പ്രകാരം കയർഫെഡിൽ അംഗത്വം എടുത്തിട്ടുള്ള കയർപിരി, ചെറുകിട ഉൽപ്പാദക സൊസൈറ്റികൾ എന്നിവയുടെ ആവശ്യപ്രകാരം കേരളത്തിനകത്തെ ചകിരി മില്ലുകളിൽ നിന്നും, ഇ-ടെണ്ടർ വഴി എംപാനൽ ചെയ്തിട്ടുള്ള സപ്ലെയർമാരിൽ നിന്നും കേരളത്തിന് പുറത്തുനിന്നുള്ള ചകിരിയും വാങ്ങി വിതരണം ചെയ്യുന്നതിന് കയർഫെഡ് നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പൊതു വിപണിയിൽ കുറഞ്ഞ വിലയിൽ ഗുണനിലവാരമുള്ള ചകിരി ലഭിക്കുമെങ്കിലും കേന്ദ്രീകൃതമായി ചകിരി വാങ്ങി വിതരണം ചെയ്യുന്നതിനാൽ ഫാക്ടറികളും സൊസൈറ്റികളും കൂടിയ വിലയ്ക്ക് ചകിരി വാങ്ങേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 2020-2021 വർഷത്തിൽ കയർ സഹകരണ സംഘങ്ങൾക്ക് ആവശ്യമായ ഗുണമേന്മയുള്ള പച്ചതൊണ്ട് ചകിരിയും ഉണക്കതൊണ്ട് ചകിരിയും ലഭ്യമാക്കുന്നതിനുള്ള പൂർണ്ണ ചുമതല കയർഫെഡിന് നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. ചകിരി ഒരു സീസണൽ ഉൽപ്പന്നം എന്ന നിലയിൽ അതിന്റെ വില ഒരു വർഷക്കാലത്തിൽ കിലോക്ക് 20 മുതൽ 32 രൂപ വരെ വ്യതിയാനം സംഭവിക്കുന്നുണ്ട്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ കിലോയ്ക്ക് 15 മുതൽ 23 രൂപ വരെ നിരക്കിലാണ് വ്യത്യസ്ഥ ഗുണനിലവാരമുള്ള ചകിരി കയർഫെഡ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. ഇതുകൂടാതെ ചകിരിയുടെ ഗുണമേന്മ പരിശോധിക്കുന്നതിനും ആയതിന് ആനുപാതികമായി വില കുറയ്ക്കുന്നതിനും നടപടിക്രമങ്ങൾ കയർഫെഡ് സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷം ഓഫ് പീക് സീസണിൽ 32 രൂപ വരെ കിലോയ്ക്ക് വർദ്ധിച്ച സമയത്തും കയർഫെഡ് കിലോയ്ക്ക് 20 മുതൽ 23 |

| | | | |
|---|---|---|---|
| | | | രൂപ വരെയുള്ള നിരക്കിലാണ് ചകിരി വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. |
| (സി) | ഇതിന് പരിഹാരമായി പൊതുവിപണിയിൽ ചകിരിക്ക് വിലകുറയുമ്പോൾ ഉല്പാദകരായ സംഘങ്ങൾക്കും, ഫാക്ടറികൾക്കും ഇത് നേരിട്ട് സംഭരിക്കാനുള്ള അനുവാദം നൽകുമോ? | (സി) | സംഘങ്ങൾക്കും ചെറുകിട ഉല്പാദകർക്കും നേരിട്ട് ചകിരി സംഭരിക്കുവാൻ അനുവാദം നല്കിയിരുന്നുവെങ്കിലും, ഈ അനുമതി റദ്ദാക്കിക്കൊണ്ടും ആവശ്യമായ പച്ചത്തൊണ്ട് ചകിരിയും ഉണക്കത്തൊണ്ട് ചകിരിയും ലഭ്യമാക്കുന്നതിന്റെ പൂർണ ചുമതല കയർഫെഡിന് നൽകിക്കൊണ്ടും 22.04.2021-ലെ സ.ഉ.(സാധാ)നം.457/2021/വ്യവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ